# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| നവംബർ 3<br>November 3 | 2018 |

*1193 തുലാം 17 ശനി*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

**ഏകജാലക ക്യാമ്പ് എട്ടിന്**

പ്രളയക്കെടുതിയോടനുബന്ധിച്ച് വിവിധതരം സർട്ടിഫിക്കറ്റുകൾ, കാർഡുകൾ, പ്രമാണങ്ങൾ എന്നിവ നഷ്ടപ്പെട്ടവർക്ക് പുതിയവ നൽകുന്നതിനായി ഈ മാസം എട്ടിന് രാവിലെ 10 മുതൽ കോന്നി താലൂക്ക് ഓഫീസിൽ ഏകജാലക ക്യാമ്പ് നടത്തും. ഫോൺ: 0468 2240087. (പിഎൻപി 3585/18)

**വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലനത്തിന് തുടക്കമായി**

വ്യവസായ വാണിജ്യ വകുപ്പിലെ വ്യവസായ വികസന ഓഫീസർമാർക്കുള്ള ഒന്നര മാസത്തെ വിദഗ്ദ്ധ പരിശീലനപരിപാടിക്ക് തുടക്കമായി. സംസ്ഥാനത്തെ ബ്ലോക്ക്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ പദ്ധതി നിർവഹണം നടത്തുന്ന 30 ഉദ്യോഗസ്ഥർക്കാണ് പരിശീലനം. പരിശീലനത്തിന്റെ ആദ്യഘട്ടമായ നാല് ആഴ്ച ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും രണ്ടാം ഘട്ടമായ നാല് ആഴ്ച ഹൈദരാബാദ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈക്രോ, സ്മാൾ, മീഡിയം എന്റർപ്രൈസസിലും മൂന്നാം ഘട്ടമായ നാല് ആഴ്ച ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പദ്ധതി രൂപീകരണത്തിലും നാലാം ഘട്ടമായ 6 ആഴ്ച കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റിലും (കീഡ്) ആയിട്ടാണ് നടത്തപെടുന്നത്. പരിശീലന പരിപാടി ഡിസംബർ 14 ന് സമാപിക്കും.

(പിഎൻപി 3886/18)

## വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ പ്രത്യേക ക്യാമ്പ്

വോട്ടർ പട്ടിക പുതുക്കൽ 2019ന്റെ ഭാഗമായി 2019 ജനുവരി ഒന്നിനോ അതിന് മുമ്പോ 18 വയസ് പൂർത്തിയാകുന്ന ഗവി, കൊച്ചുപമ്പ നിവാസികൾക്കായി വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് ഇന്ന് (4) ഉച്ചയ്ക്ക് രണ്ടിന് ഗവി ഗവൺമെന്റ് എൽപിഎസിൽ ഗവി നിവാസികൾക്ക് വേണ്ടിയും നാളെ (5) രാവിലെ ഒമ്പതിന് കൊച്ചുപമ്പ നിവാസികൾക്ക് വേണ്ടി കൊച്ചുപമ്പ കെഎഫ്ഡിസി ഓഫീസ് കോംപ്ലക്സിലും പ്രത്യേക ക്യാമ്പ് നടത്തും. പട്ടികയിൽ ഉൾപ്പെടേണ്ടവർ ബന്ധപ്പെട്ട രേഖകളുമായി എത്തണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 3887/18)

## ജാമ്യാപേക്ഷകൾ തള്ളി

ശബരിമല സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട് സുപ്രീം കോടതി വിധി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലത്തെത്തിയ പോലീസ് ഉദ്യോഗസ്ഥരെയും മാധ്യമ പ്രവർത്തകരെയും ആക്രമിക്കുകയും കെഎസ്ആർടിസി ബസുകൾക്കും പോലീസ് വാഹനങ്ങൾക്കും മാധ്യമ പ്രവർത്തകരുടെ വാഹനങ്ങൾക്കും കേടുപാടുകൾ വരുത്തുകയും ചെയ്തതിന് സംഭവ സ്ഥലത്തുനിന്നും അറസ്റ്റ് ചെയ്ത ഷൈലേഷ്, ആനന്ദ്, അശ്വിത്, അഭിലാഷ്, കിരൺ എന്നിവരുടെ ജാമ്യാപേക്ഷകൾ പത്തനംതിട്ട ജില്ലാ സെഷൻസ് കോടതി ജഡ്ജി ജോൺ കെ ഇല്ലിക്കാടൻ തള്ളി ഉത്തരവായി. കെഎസ്ആർടിസി ബസുകൾക്ക് കേടുപാട് വരുത്തിയതിൽ 2394500 രൂപയും പോലീസ് വാഹനങ്ങൾക്ക് കേടുപാടുവരുത്തിയതിൽ 153000 രൂപയും നഷ്ടം സംഭവിച്ചതായാണ് പ്രാഥമിക വിലയിരുത്തിൽ. കോടതി പുറപ്പെടുവിച്ച വിധിയെ പരാജയപ്പെടുത്തുന്നതിന് നിയമം കൈയിലെടുത്ത് സംഘർഷത്തിലേർപ്പെട്ട പ്രതികൾക്ക് ജാമ്യം നൽകുന്നത് രാജ്യത്ത് അരാജകത്വം സൃഷ്ടിക്കുമെന്നും സമൂഹത്തിന് തെറ്റായ സന്ദേശം നൽകുമെന്നും കോടതി നിരീക്ഷിച്ചു. പ്രോസിക്യൂഷന് വേണ്ടി ജില്ലാ ഗവൺമെന്റ് പ്ലീഡർ എ. സി.ഈപ്പൻ ഹാജരായി.

(പിഎൻപി 3888/18)

## ബാലസമിതി ചേർന്നു

മലയാലപ്പുഴ പഞ്ചായത്തിന്റെയും കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെയും വിവിധ ബാലസഭകളുടെയും നേതൃത്വത്തിൽ മലയാലപ്പുഴ പഞ്ചായത്തിൽ ബാലസമിതി ചേർന്നു. യൂണിസെഫിന്റെ സഹകരണത്തോടെ ചൈൽഡ് ലൈൻ നടപ്പാക്കുന്ന ബാലസംരക്ഷണ സംവിധാനങ്ങളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ടായിരുന്നു സമിതി ചേർന്നത്. പഞ്ചായത്ത് വൈസ്പ്രസിഡന്റ് സുജാത അനിൽ ഉദ്ഘാടനം ചെയ്തു. ചൈൽഡ് ലൈൻ ജില്ലാ കോ-ഓർഡിനേറ്റർ ഡേവിഡ് റജി മാത്യു, സിഡിഎസ് ചെയർപേഴ്സൺ ജലജകുമാരി, ലൗലി പ്രസാദ്, ഷൈനി ബേബി, സുജ ജോൺസൺ, അഞ്ജു മേരി ജോസഫ്, ജിനു കെ.മാത്യു, ജോൺ സി.രാജൻ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 3889/18)

## സിവിൽ എക്സൈസ് ഓഫീസർ കായിക ക്ഷമതാ പരീക്ഷ

ജില്ലയിൽ എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തിയുടെ (കാറ്റഗറി നമ്പർ 340/16, 341/16) നേരിട്ടും തസ്തികമാറ്റം വഴിയുമുള്ള തെരഞ്ഞെടുപ്പിനുള്ള കായിക ക്ഷമതാ പരീക്ഷ ഈ മാസം 12 മുതൽ 14 വരെ രാവിലെ ആറ് മുതൽ പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിന് സമീപമുള്ള പൂങ്കാവ് -കോന്നി റോഡിൽ നടക്കും. അഡ്മിഷൻ ടിക്കറ്റ് പി.എസ്.സിയുടെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ അസലുമായി ഉദ്യോഗാർഥികൾ അഡ്മിഷൻ ടിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലത്ത് എത്തണം. എസ്എസ്എം, ഒ.റ്റി.ആർ, പ്രൊഫൈൽ മെസേജ് വഴി അറിയിപ്പ് നൽകിയിട്ടുണ്ട്. വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല. ഫോൺ: 0468 2222665.

(പിഎൻപി 3890/18)

## ക്വട്ടേഷൻ

വടശേരിക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർഥികളെ പഠന-വിനോദ യാത്രയ്ക്ക് കൊണ്ടുപോകുന്നതിന് വാഹനം ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ നൽകാം. വിശദവിവരത്തിന് സ്കൂളിൽ ബന്ധപ്പെടണം. (പിഎൻപി 3891/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ഭരണഭാഷാ വാരാഘോഷത്തോടനുബന്ധിച്ച് കളക്ടറേറ്റിൽ നടന്ന കേട്ടെഴുത്ത്, ഫയലെഴുത്ത് മത്സരം ജില്ലാ കളക്ടർ പി.ബി.നൂഹ് ഉദ്ഘാടനം ചെയ്യുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**